**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1556** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ കർഷക വിരുദ്ധ നിയമങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. വി. ടി. ബൽറാം ,<br>ശ്രീ. കെ. സി . ജോസഫ്** | | **Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ സെപ്റ്റംബറിൽ പാസ്സാക്കിയ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ സംസ്ഥാനത്തെ കർഷകരെയും കാർഷിക മേഖലയെയും എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ.; | (എ) | കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയും മൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടുനൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും. |
| (ബി) | സംസ്ഥാന നിയമസഭ ഡിസംബർ 31 ന് പ്രസ്തുത നിയമങ്ങൾ പിൻവലിക്കണമെന്ന് | (ബി) | ഉണ്ട്. 06.01.2021ന് പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആവശ്യപ്പെട്ടുകൊണ്ട് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന് അയക്കില്ലായെന്ന് ഗവർണ്ണർ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമസഭ പാസ്സാക്കുന്ന പ്രമേയങ്ങൾ ഗവർണ്ണർ വഴിയാണോ കേന്ദ്രത്തിലേക്ക് അയക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ഇല്ല. 31.12.2020ന് പ്രത്യേക നിയമസഭ പാസാക്കിയതിന്റെ ഇംഗ്ലീഷ് പരിഭാഷ 06.01.2021 ന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൃഷി, സഹകരണവും കർഷകക്ഷേമവും വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ഡി) | കേന്ദ്ര കൃഷി നിയമങ്ങൾക്കെതിരെ പഞ്ചാബ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങൾ പാസ്സാക്കിയ രീതിയിലുള്ള ബദൽ നിയമം കൊണ്ടുവരാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ഡി) | സംസ്ഥാനത്തെ കർഷകർക്ക് കർഷകർക്ക് പ്രയോജനകരമായ ഒരു നിയമം കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | ബദൽ നിയമ തീരുമാനത്തിൽ നിന്നും സർക്കാർ പുറകോട്ട് പോയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്താമോ? | (ഇ) | സംസ്ഥാനത്തെ കർഷകർക്ക് കർഷകർക്ക് പ്രയോജനകരമായ ഒരു നിയമം കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ